സാനിട്ടറി ഇൻസ്പെക്ടറന്മാർ ൪൫—൫—൭൫, ൩൦—൩—൪൫ എന്നീ രണ്ടു ഗ്രേഡുകളിലുണ്ട്. സാനിട്ടറി അസിസ്റ്റൻറന്മാർ ൩൦—൩—൪൫, ൨൫—൧—൩൦ എന്നീ രണ്ടു ഗ്രേഡുകളിലുമുണ്ട്.

(ബി) പബ്ലിക്ക ഹെൽത്ത ഡിപ്പാർട്ടുമെണ്ടിലെ Reorginisation അനുസരിച്ചു സാനിട്ടറി ഇൻസ്പെക്ടർ എന്ന പേരിൽ ഉദ്യോഗം ഉണ്ടായിരിക്കയില്ല.

പൊതുസ്ഥലം

*൩൩൦. (൨) ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഒരു രജിസ്റ്റേഡ് സ്ഥാപനമായ പുലയർ മഹാസഭക്ക് തിരുവനന്തപുരം പട്ടണത്തിൽ ഒരു പൊതു മന്ദിരം സ്ഥാപിക്കുന്നതിലേക്ക് സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് അയച്ചിട്ടുള്ള അപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകളിൽ എന്തു നടപടികൾ നടത്തി?

നിയമവും ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ജി. മേനോൻറെ നിയമനം

*൩൩൧. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചീഫ് സെക്രട്ടറി ശ്രീ. കെ. ജി. മേനവനെ സംസ്ഥാന സർവ്വീസിൽ നിയമിച്ചതെന്നാണ്;

(ബി) എത്രകൊല്ലത്തേക്കായിരുന്ന നിയമനം;

(സി) അദ്ദേഹത്തിൻറെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ;

(ഡി) അങ്ങിനെ നീട്ടിക്കൊടുത്തിട്ടുണ്ടെങ്കിൽ അതിനു പ്രത്യേക കാരണം വല്ലതും ഉണ്ടോ; കാരണം എന്തു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഫസ്ർ ൯ൻ ജൂലായി ൧൯൫൦.

(ബി) ആദ്യമായി ഒരു കൊല്ലത്തേക്ക്.

(സി) ഉണ്ട്.

(ഡി) അദ്ദേഹത്തിൻറെ സേവനം ഈ സംസ്ഥാനത്തിനു് കുറേക്കാലം കൂടി തുടരേണ്ടതാണെന്നു് കണ്ടതുകൊണ്ടു്.

PRICE OF PADDY

*362. [4] **Sri. D. Gnanasigamony**: Will the Hon'ble Chief Minister be pleased to state:

(*a*) whether it is a fact that the price now offered for procured paddy is uneconomical from the point of view of the cultivator;

(*b*) whether Government propose to take any steps to remedy this?

***Minister for Education, Food & Labour* (Sri. T. K. Narayana Pillai):**

(*a*) & (*b*) The question is being looked into by the Government.

LIBRARY ARCHIVES Kerala Legislative Assembly